പുരാ രഥൈർഹേമപരിഷ്കൃതൈ ശ്ചരൻ മതംഗജൈർവ്വാ നരദേവസംജ്ഞിത:
സഏവ കാലേന ദുരത്യയേന തേ കളേബരോ വിട്കൃമിഭസ്മസം ജ്ഞിത: **(10-51-51)**
ഭവാപവർഗ്ഗോ ഭ്രമതോ യദാ ഭവേ ജ്ജനസ്യ തർഹ്യച്യുത സത്സമാഗമ:
സത്സംഗമോ യർഹി തദൈവസദ്ഗതൌ പരാവരേശേ ത്വയി ജായതേ മതി: **(10-51-54)**
തസ്മാദ്വിസൃജ്യാശിഷ ഈശ സർവ്വതോ രജസ്തമ: സത്ത്വഗുണാനുബന്ധനാ
നിരഞ്ജനം നിർഗുണമദ്വയം പരം ത്വാം ജ്ഞപ്തി മാത്രം പുരുഷം വ്രജാമ്യഹം **(10-51-57)**

*മുചുകുന്ദൻ പറഞ്ഞു:* "ഭഗവാനേ, അവിടുത്തെ തന്നെ മായാശക്തിക്കടിമപ്പെട്ട് ആളുകൾ അവിടുത്തെ പൂജിക്കുന്നതിനു പകരം ഗൃഹത്തോടും മറ്റും മമതാസക്തരായി നിലകൊള്ളുന്നു. സുഖം തേടുന്നുവെങ്കിലും അന്തമില്ലാത്ത വേദനമാത്രമാണ് അവർക്കു ലഭിക്കുന്നത്. തുലോം ദുർല്ലഭമായ മനുഷ്യജൻമം ലഭിച്ചതിനു ശേഷവും ദുഷ്ടവിചാരമുള്ളവർ അങ്ങയെ പൂജിക്കുന്നതിനു പകരം ലൗകീകതയുടെ ആഴമേറിയ കയത്തിൽ വീണുപോകുന്നു. എൻെറ കാര്യം തന്നെ എടുത്താലും. ഞാൻ ധിക്കാരിയായ ഒരു ഭരണാധികാരിയായിരുന്നു. ചുറ്റും ബലവാൻമാരായ പരിവാരങ്ങൾ. ഈ ശരീരത്തെ ആത്മാവെന്ന് കരുതി, സമ്പത്തിലും ലൗകീകബന്ധങ്ങളിലും മുഴുകിയാണ് ഞാൻ കഴിഞ്ഞു വന്നത്. എന്നാൽ അവിടുന്ന് കാലമായി മനുഷ്യജീവിതത്തിൽ നുഴഞ്ഞു കയറി അവനെ നിശ്ശേഷം ഇല്ലായ്മ ചെയ്യുന്നു. രാജാവെന്നു വാഴ്ത്തപ്പെട്ട ഈ ശരീരം തന്നെ, പടകളും, മൃഗങ്ങളും അകമ്പടി സേവിച്ച ഈ ദേഹം കാലക്രമത്തിൽ അമേദ്യമെന്നും, ചാരമെന്നും, കൃമിയെന്നും പിന്നീടറിയപ്പെടുന്നു."

ഭഗവാനേ, ലോകചക്രവർത്തി പോലും കാമത്തിനടിമപ്പെട്ട് ഇന്ദ്രിയസുഖങ്ങൾക്കടിമയായിത്തീരുന്നു. അല്ലെങ്കിൽ കുറെ പുണ്യപ്രവൃത്തികൾ ചെയ്ത് സ്വർഗ്ഗത്തിൽ ഒരു ഒഴിവു കാലം ആസ്വദിക്കുന്നു. ചിലപ്പോൾ അവിടുത്തെ ഭരണാധികാരിയുമാവുന്നു. എന്നാൽ ഒരുവൻെറ ജനനമരണചക്രത്തിൻെറ അവസാനഘട്ടത്തിലാണ് അവൻ ഒരു പുണ്യപുരുഷനെ കാണുന്നത്. ആ കൂടിക്കാഴ്ച അവിടുത്തോടുള്ള ഭക്തിയെ ഉദ്ദീപിപ്പിക്കുന്നു. ആ ഭക്തിയാകട്ടെ ഈ ജീവാത്മാവിൻെറ പരകായ പ്രവേശങ്ങൾ അവസാനിപ്പിക്കുന്നു. അവിടുന്ന് എന്നോട് വരമെന്താണു വേണ്ടതെന്ന് ചോദിച്ചുവല്ലോ. എന്നാൽ എനിക്കുള്ള വരം ലഭിച്ചു കഴിഞ്ഞു. അവിടുന്ന് എന്നെ സ്വതന്ത്രത എന്ന മിഥ്യാഭിമാനത്തിൽ നിന്നും രക്ഷിച്ചുവല്ലൊ. അങ്ങയുടെ പാദങ്ങളിൽ നിരന്തരം പൂജ ചെയ്യുവാൻ കഴിയുക എന്ന വരം മാത്രമെ എനിക്കു വേണ്ടു. മറ്റേതു വരവും ആത്മാവിനെ ബന്ധനത്തിലാക്കാൻ പോന്നതാണെന്നറിയുന്നതുകൊണ്ട് അവിടുത്തെ പാദ ദർശനം കിട്ടിയതിനു ശേഷം ആരാണ് മറ്റൊരു വരം ആവശ്യപ്പെടുക? അതുകൊണ്ട് ത്രിഗുണാനുസാരിയായ ഈ ലോകത്തിലെ അനുഗ്രഹങ്ങളെയെല്ലാം ഞാൻ തിരസ്ക്കരിക്കുന്നു. അവിടുത്തെ പാദങ്ങളിൽ അഭയം തേടാനാഗ്രഹിക്കുന്നു. അവിടുന്നാണ് പരം പൊരുൾ. ശുദ്ധബോധസ്വരൂപൻ. കർമ്മപാശത്താലും അദിവ്യമായ സ്വഭാവത്താലും പീഢിപ്പിക്കപ്പെട്ടിരുന്ന എനിക്ക് അവിടുത്തെ കൃപയാൽ ആ ദർശനഭാഗ്യം ലഭിച്ചു. എന്നെ രക്ഷിച്ചാലും പ്രഭോ.

*ഭഗവാൻ അരുൾ ചെയ്തു.* 'ഭക്തിയുടെ ശരിയായ സ്വഭാവം വെളിപ്പെടുത്താനാണ് ഞാൻ നിന്നോട് വരമെന്തു വേണമെന്നാരാഞ്ഞത്. വ്രതാനുഷ്ഠാനങ്ങളുടെ സഹായത്താൽ പഴയ പാപകർമ്മങ്ങളെ കഴുകി കളയുക. രാജാവായിരിക്കുമ്പോൾ നായാട്ട് മുതലായവ ചെയ്യേണ്ടതായി വരുമെങ്കിലും ആ പാപങ്ങൾ തപസ്സു കൊണ്ട് ഇല്ലായ്മ ചെയ്യാം. നിൻെറ അടുത്ത ജൻമം ഒരു ദിവ്യബ്രാഹ്മണൻ ആയിട്ടായിരിക്കും. അങ്ങിനെ നീ സംശയംവിനാ എന്നിൽ വന്നു ചേരുന്നതാണ്.'